ശ്രീ. കെ. എം. ജോർജ്ജ് : അപ്ഗ്രേഡുചെയ്യുന്ന കാര്യമല്ല ; മെഡിക്കൽ കോളേജാശുപത്രിയിൽ എന്നപോലെ ഏല്ലാ എക്സിപ്മെൻറുകളോടും കൂടി എറണാകുളത്തോ മറേറാ ഒരാശുപത്രികൂടി സ്ഥാപിക്കാൻ തയ്യാറാകുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : അതിനു വളരെ ചെലവുണ്ട്. ഗവണ്മെൻറിൻെറ കഴിവനുസരിച്ചേ ചെയ്യാൻ നിവൃത്തിയുള്ളു. മെഡിക്കൽ കോളേജാശുപത്രിക്ക് കൊല്ലത്തിൽ 30 ലക്ഷം രൂപയാണു ചെലവു്. ആലവലിൽ എല്ലാ ജില്ലകളിലും ആശുപത്രികളും സ്ഥാപിക്കാൻ പ്രയാസമാണ്. മദിരാശിയിൽത്തന്നെ, മദിരാശിയിലെ ആശുപത്രിക്ക സമമായി മധുരയിൽ മാത്രമേ ആശുപത്രിയുള്ളു. ഇവിടെ ഇപ്പോൾ കോഴിക്കോട്ടു ഒരു മെഡിക്കൽ കോളേജും ആശുപത്രിയുമുണ്ട്. അതിനും പുറമേ എല്ലാ ഹെഡ് ക്വാർട്ടേഴ്സിലും 350 ബഡ്ഡുകളോടുകൂടി വേണ്ട സൗകര്യമുള്ള രീതിയിൽ ആശുപത്രികളും അപ്ഗ്രേഡുചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു മാതിരി റിലീഫ് കൊടുക്കണമെന്നാണു വിചാരിക്കുന്നതു്. കഴിഞ്ഞകൊല്ലം രണ്ടുലക്ഷത്തോളം ആളുകളെ ചികിത്സിക്കാൻവേണ്ട സൗകര്യം ചെയ്തിട്ടുണ്ട്. കഴിയുന്നതും ഗവണ്മെൻറു് ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം : സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിന്നും, ഡാക്ടർമാരുടെ ശുപാർശയോടുകൂടി അയയ്ക്കപ്പെടുന്ന രോഗികൾക്കു മെഡിക്കൽ കോളേജു് ആശുപത്രികളിൽ മുൻഗണന നൽകുകയും, സാധാരണ രീതിയിലുള്ള രോഗികളെ അവിടെ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഈ പറഞ്ഞതു വളരെ സഹായകമായ ഒരു നിർദ്ദേശമാണ്. ഇങ്ങനെ ചെയ്യാൽ അത്യാവശ്യമായി കിടത്തി ചികിത്സിക്കേണ്ട രോഗികളെ സംബന്ധിച്ചിടത്തോളം സൗകര്യംകിട്ടും. നിസ്സാര രോഗംവരുമ്പോഴും ഓടി ആശുപത്രിയിൽ പോകുന്ന പതിവു കുറയും. ഈ നിർദ്ദേശത്തെപ്പററി ആലോചിച്ചു വേണ്ടതു ചെയ്യാം.

Scheme to protect the cast of Kerala.

✱ 1745. [16] **Shri K. C. Abraham**: Will the Minister for Public Works be pleased to state :

(a) whether the Government have any definite scheme to protect the coast of Kerala from the attacks of the sea;

(b) if so, will the Government take steps to protect the entire coast of the State within the III Plan period; and

(c) have the government formulated any scheme to prevent breaches in vulnerable spots on the coast during the monsoon?

Minister for Transport and Labour (**Shri T. V. Thomas**):

(a) Yes;

(b) No, it may not be possible because of the huge expenditure involved;

(c) No specific scheme has been made for preventing breaches in vulnerable spots on the coast. But whenever such breaches occur, immediate steps are being taken to close those breaches.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ഏബ്രഹാം: കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ, താൽക്കാലികമായി നടത്തുന്ന പ്രതിരോധനടപടികൾ പ്രയോജനകരമല്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യംവന്നിട്ടില്ലേ?

ശ്രീ. ടി. വി. തോമസ്: താൽക്കാലികമായ സംരക്ഷണ നടപടികൾ അത്രയ്ക്കു പ്രയോജന രഹിതമായി അനുഭവപ്പെടുന്നുവെന്നു പറയാൻ നിവൃത്തി യില്ല. സ്റ്റേറിലെ സീ ക്ലോസ്റിനു മുഴുവൻ സംരക്ഷിക്കുന്നതിനായി 2,600 ലക്ഷം രൂപാ വേണ്ടിവരും, അതാണ് ബുദ്ധിമുട്ട്.

ശ്രീ. കെ. സി. ഏബ്രഹാം: രണ്ടാം പഞ്ചവത്സര പദ്ധതിയിൽ, തിരു വിതാംകൂർ-കൊച്ചി പ്രദേശത്തെ തീരദേശ സംരക്ഷണത്തിനായി നീക്കിവച്ചി രുന്ന തുകയിൽ എത്ര ശതമാനം ചെലവായിട്ടുണ്ട്?

ശ്രീ. ടി. വി. തോമസ്: അതിൻറെ കണക്കു പെട്ടെന്നു പറയാൻ നിവൃത്തിയില്ല. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഒരു മൈൽ നീളത്തിൽ തീരദേശ സംരക്ഷണത്തിനു വകകൊള്ളിച്ചിരുന്നു; രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അതു ഇരുപതു മൈൽ നീളത്തിൽ ചെയ്യണമെന്നായിരുന്നു. മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ഇരുപതാറു മൈൽ നീളത്തിൽ കടൽത്തീര സംരക്ഷണം നടത്താനാണ് വിചാരിക്കുന്നതു.

ശ്രീ. കെ. സി. ഏബ്രഹാം: വൈപ്പിൻകരയിൽ വളരെ ശക്തിയായ കടൽക്ഷോഭം ഉണ്ടായിട്ടും, അതിനെ തടയുന്നതിനു യാതൊരു നടപടിയും എടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: വൈപ്പിൻകരയെ പ്രത്യേകമായി പരിഗ ണിച്ചു, ഒരു സ്കീം സമർപ്പിച്ചിട്ടുണ്ട്. അടുത്തുതന്നെ അതു നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: തലശ്ശേരിയിൽ, റയിൽവേക്കു പോലും അപകടം സംഭവിക്കത്തക്ക നിലയിൽ, കടൽതീരത്തു കെട്ടിയിട്ടുള്ള ഭിത്തി, എത്രയോ ലക്ഷം രൂപ ചെലവുചെയ്തു കെട്ടിയ ഭിത്തി ഇടിഞ്ഞു പോയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. വി. തോമസ്: അതിന്മേൽ വേണ്ട നടപടി നടത്തിക്കൊണ്ടി രിക്കുകയാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇങ്ങനെയുണ്ടാകുന്ന നഷ്ടത്തിനു കൺട്രാക്ടർമാർ പരിഹാരം നൽകുമെന്നുകൂടി വ്യവസ്ഥചെയ്യുമോ?

ശ്രീ. ടി. വി. തോമസ്: കടലാക്രമണം ശക്തമായ തോതിൽ ഉണ്ടായാൽ സിമൻറു ഭിത്തി തകർന്നുപോകും. അതിനു കൺട്രാക്ടർമാത്രം കുറ്റക്കാര നാകുകയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇത്തരമായ കടലാക്രമണത്തെ തടയാൻ, സീ വാൾ കെട്ടുന്നതുകൊണ്ടുമാത്രം പ്രയോജനമില്ലാത്ത സ്ഥിതിക്കു ബാംബെ കടൽതീരത്തു സ്ഥാപിച്ചിട്ടുള്ള ചുവാൽ സ്കീം കേരളത്തിലും അംഗീ കരിക്കുമോ?

ശ്രീ. ടി. വി. തോമസ്: കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്ന സ്കീം പൂനാ റിസർച്ചു സ്റ്റേഷൻറെ ശുപാർശയനുസരിച്ചുള്ളതാണ്. ബാംബെയിലെ സ്കീംകൂടി അവർ പരിശോധിച്ചിട്ടുണ്ടായിരിക്കുമെന്നാണ് തോന്നുന്നതു. ഏതായാലും അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: ഇങ്ങനെയുള്ള കടലാക്രമണങ്ങളും ഓരോകൊല്ലവും ഉണ്ടാകുന്നതുകൊണ്ടു, ഇതുമൂലം നഷ്ടമുണ്ടാകുന്നവർക്കു കൂടുതൽ സഹായം ചെയ്യാൻ എന്തെങ്കിലും ഫണ്ടുണ്ടാക്കാൻ ഗവണ്മെൻറു കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: കഴിയുന്നിടത്തോളം ഉള്ളിലേക്ക് മാറി താമസിക്കുന്നതായിരിക്കും ഏറ്റവും നല്ല പരിഹാരമാർഗ്ഗം.

ശ്രീ. എം. നാരായണക്കുറുപ്പ്: കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളിൽ നിന്നും, സാധാരണ കടലാക്രമണത്തിനു വിധേയമാകുന്ന സ്ഥലങ്ങളും ഏതെല്ലാമാണെന്നു കണ്ടുപിടിച്ചു, അവിടെ അതിനെ തടയുന്നതിനുള്ള നടപടികളും നടത്താൻ മുൻഗണന നൽകണമെന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഉണ്ട്. ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു ഒരു മൈൽ നീളത്തിൽ സംരക്ഷണം നൽകാനുള്ള സ്കീം മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇരുപതു മൈൽ നീളത്തിലും, മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഇരുപത്താറു മൈൽ നീളത്തിലും വേണമെന്നു തീരുമാനിച്ചിരിക്കുകയാണു്. അതനുസരിച്ചു സ്കീമുകൾ വർക്കൗട്ടു ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തു് ഇരുപതു മൈൽ നീളത്തിൽ കടൽത്തീര സംരക്ഷണം നൽകണമെന്നു നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു് നീളത്തിൽ ഭിത്തികെട്ടിയിട്ടുണ്ടെങ്കിലും, അതു മൺസൂൺ കാലത്തു് വെള്ളം കവിഞ്ഞൊഴുകുന്നുണ്ടെന്നു മനസ്സിലാക്കി ആവശ്യമുള്ളതു പൊക്കത്തിൽക്കൂടി കെട്ടാൻ വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. ടി. വി. തോമസ്: ഈ സ്കീം തയ്യാറാക്കുന്ന വിദഗ്ദ്ധന്മാരായ എൻജിനീയറന്മാരെ ബഹുമാനപ്പെട്ട മെമ്പർ കൂടെ അഭിപ്രായംകൂടി അറിയിക്കാം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കടലാക്രമണത്തെ തടയാൻ ചില സ്ഥലങ്ങളിൽ ഗ്രോയ്ൻസ് മതിയാകുമെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: ഗ്രോയിൻസ് ആവശ്യമുള്ളിടത്തു് ഗ്രോയിൻസും, സീവാൾ വേണ്ട സ്ഥലങ്ങളിൽ സീവാളും കെട്ടുന്നുണ്ടു്. ഏതാണു് വേണ്ടതെന്നു്, വിദഗ്ദ്ധന്മാരായ എൻജിനീയറന്മാർ പഠനംനടത്തി സ്കീം സമർപ്പിക്കും; അതനുസരിച്ചു് പണി നടത്തുകയാണു് പതിവു്.

ശ്രീ. കെ. സി. ഏബ്രഹാം: ശ്രീ. അലക്സാണ്ടർ പറമ്പിത്തറ പറഞ്ഞിട്ടുള്ള അഭിപ്രായംതന്നെയാണു് എൻജിനീയറന്മാർക്കും ഉള്ളതെന്നും, ഈ പദ്ധതി പ്രയോഗത്തിൽ വരാത്തതു് ആവശ്യമുള്ള പണം ഇല്ലാത്തതുകൊണ്ടാണെന്നും ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. വി. തോമസ്: ഞാൻ അതിനെ നിഷേധിക്കുകയാണു്. എഞ്ചിനീയറന്മാർ വേണമെന്നു പറയുന്നതനുസരിച്ചു് ഗവണ്മെൻറു് ഈ കാര്യത്തിൽ പ്രവർത്തിക്കുന്നുണ്ടു്.

ശ്രീ. കെ. സി. ഏബ്രഹാം: പണം ആവശ്യത്തിനില്ലാത്തതുകൊണ്ടാണു് ഇതിൻറെ പണി നടത്താത്തതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. വി. തോമസ്: ഗ്രോയിൻസു് മുഖേനയോ, സീവാൾമൂലമോ കടലാക്രമണത്തെ തടഞ്ഞു് കഴിയുന്നതു ജനങ്ങൾക്കു രക്ഷനൽകണമെന്നുള്ള അഭ്യർത്ഥനയിൽ എത്ര പണം വേണമെങ്കിലും അതിനു ചെലവഴിക്കാൻ ഗവണ്മെൻറു തയ്യാറാണു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കടലാക്രമണംമൂലം നഷ്ടം സംഭവിച്ചിട്ടുള്ള പല ആളുകൾക്കും റിലീഫു് നൽകുന്നതിനു സാധിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: പ്രത്യേക ഫണ്ടുള്ളതനുസരിച്ചു് അതാതവസരത്തിൽ ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കൃഷ്ണൻ: കൊല്ലത്തു തങ്കശ്ശേരിമുതൽ പന്മനവരെ കടലാക്രമണത്തെ തടയുന്നതിനു് എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടായിരുന്നോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: സർ, ഒരുകാര്യം ഇതിനെപ്പറ്റി പറയാനുണ്ടു്. കടലാക്രമണത്തെ തടയുന്നതിനു് കേന്ദ്രഗവണ്മെൻറിൽനിന്നും നൂറുശതമാനം ലോണായിട്ടു് സഹായധനം നൽകുമെന്നുണ്ടു്. അങ്ങനെ ആവശ്യമുള്ള തുക മുഴുവൻ ലഭിച്ചിട്ടില്ല. തലശ്ശേരിയിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടു്. പക്ഷേ, അതിൻറെ പകുതിപോലും കിട്ടിയിട്ടില്ല. ഒരു ഫർലാംഗ് ഭാഗം മതിൽകെട്ടാൻ ഒരുലക്ഷം രൂപ വേണ്ടിവരും; ഒരു നാഴികയ്ക്കു് ഏകദേശം പത്തുലക്ഷം രൂപ വേണ്ടിവരും. അങ്ങനെയൊരു സ്കീം തയ്യാറാക്കി അതനുസരിച്ചു് പണി നടത്തിയെങ്കിലും, നിർഭാഗ്യവശാൽ കേന്ദ്രഗവണ്മെൻറിൽനിന്നും വേണ്ട സഹായം കിട്ടിക്കഴിഞ്ഞിട്ടില്ല. "The integrity of Kerala is not protected by Government of India in this matter also".

ശ്രീ. കെ. എം. ജാഫ്ജി: ബഹുമാനപ്പെട്ട നിയമമന്ത്രി, ഇൻഡ്യൻപ്രധാനമന്ത്രിയുടെ ഒരു പ്രസ്താവനയെവ്യംഗ്യരീതിയിൽ വിമർശിക്കുകയല്ലേ ചെയ്തതു; അതുകൊണ്ടോ?

മി. സ്പീക്കർ: അതെന്താണെന്നു മനസ്സിലായില്ല.

ശ്രീ. കെ. എം. ജാഫ്ജി: ഇൻഡ്യൻ ഇൻറിഗ്രിറ്റിയെപ്പറ്റി ഇന്നലത്തെ പത്രത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവനയുണ്ടായിരുന്നു. ബഹുമാനപ്പെട്ട നിയമമന്ത്രി, ഒരു പുഞ്ചിരിയോടുകൂടി അതേ വാചകംതന്നെ ഉപയോഗിച്ചുകൊണ്ടു് ഞാൻ ചോദിക്കുന്നതാണു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഇൻഡ്യൻ ഇൻറിഗ്രിറ്റിക്കുവേണ്ടി എല്ലാവരും പ്രവർത്തിക്കണമെന്നുള്ളതു ശരിയാണു്. എന്നാൽ, കേരളത്തിൻറെ ഇൻറിഗ്രിറ്റിക്കുവേണ്ടി, കടലാക്രമണനിരോധനത്തിനു് കേന്ദ്രത്തിൽനിന്നും നൂറുശതമാനം ലോൺ നൽകുമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടും അതു കിട്ടാതിരിക്കുന്നതിനെപ്പറ്റിയാണു് പറഞ്ഞതു്.

ശ്രീ. ടി. കൃഷ്ണൻ: എൻറെ ചോദ്യത്തിനു് ഉത്തരം കിട്ടിയിട്ടില്ല. കൊല്ലം തങ്കശ്ശേരി മുതൽ പന്മനവരെ 8 മൈൽ നീളത്തിൽ കടലാക്രമണത്തെ തടയാൻ ഒരു സ്കീം ഉണ്ടായിരുന്നോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: തങ്കശ്ശേരി, തലശ്ശേരി തുടങ്ങി പലസ്ഥലത്തും സ്കീമുകളുണ്ടു്, ചിലതൊക്കെ പൂർത്തിയായി വരുന്നുണ്ടു്, ഇനിയും പലതും പൂർത്തിയാകാനുമുണ്ടു്.

ശ്രീ. കെ. സി. ഏബ്രഹാം: കേന്ദ്രഗവണ്മെൻറിൽനിന്നും പണം കിട്ടാനുണ്ടെന്നു പറഞ്ഞു. രണ്ടാം പഞ്ചവത്സരപദ്ധതി കേന്ദ്രഗവണ്മെൻറിൻറെ അപ്രൂവലോടുകൂടിയല്ലേ ആരംഭിച്ചതു്. കടലാക്രമണ നിരോധനത്തിനു കേന്ദ്രം നൽകേണ്ട തുക എന്തുകൊണ്ടു് ചോദിച്ചുവാങ്ങിയില്ല?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ചോദിക്കാനല്ലേ സാധിക്കുകയുള്ളു; ചോദിച്ചു ചോദിച്ചു് ഏതാണ്ടു് മടുത്തുകഴിഞ്ഞെന്നുവേണം പറയാൻ. പലപ്രാവശ്യം ചോദിച്ചിട്ടുണ്ടു്. പ്ലാനിൽ വകയിരുത്തിയിട്ടുള്ളതു മുഴുവൻ കിട്ടുമെന്നുള്ള ധാരണവേണ്ടാ.

ശ്രീ. ആർ. സുഗതൻ: നീണ്ടകര മുതൽ വടകരവരെയുള്ള പന്ത്രണ്ടു മൈൽ കടലോര പ്രദേശങ്ങളിൽ കടലാക്രമണം ഉണ്ടാകുന്നതിനെ തടയുന്നതിനായി അടിയന്തിരമായ പരിഹാരമാർഗ്ഗങ്ങളും കേന്ദ്രഗവണ്മെൻറിൻറെയും കേരള സർക്കാരിൻറെയും പദ്ധതികളെക്കാൾ എളുപ്പമായ നടപടി അതാതു സ്ഥലത്തെ പെരുമന്തന്മാരെ നിരത്തി നിറുത്തി മണ്ണുചാക്കുകൾ നിരത്തുന്നതുപോലെയുള്ള ഒരു നടപടി നടത്താൻ ഗവണ്മെൻറു തയ്യാറാകുമോ?

(ഉത്തരമില്ല)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: കടലാക്രമണം കാരണം ഉദിതമനുഭവിക്കുന്നവർക്ക് ഉദിതാശ്വാസം നൽകുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുമോ.

ശ്രീമതി കെ. ആർ. ഗൗരി: അതിനു് ഇപ്പോൾത്തന്നെ ഫാമിൻ റിലീഫ് ഫണ്ടു് എന്നുള്ള പേരിൽ പത്തുലക്ഷം രൂപയുടെ ഒരു ഫണ്ടുണ്ടു്. അതിൽ നിന്നും ആവശ്യമുള്ളവർക്കു് കാശു് കൊടുക്കുന്നുണ്ടു്.

Muslim Endowments

* 1746. [17] **Shri K. Hassan Gani:** Will the Minister for Land Revenue be pleased to state:

(a) whether a survey of all Muslim endowments in the State has been made for the formation of the Wakf Board; and

(b) the number of Muslim endowments in the State District war?

Minister for Revenue **(Smt. K. R. Gouri):**

(a) The survey is in progress, but it is not completed.

(b) The district-war statement of the number of Wakfs endowments is laid on the table †

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബോർഡ് റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: ബോർഡ് റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നു് ഈ ഗവണ്മെൻറ് വന്നപ്പോൾ മുതൽ ആലോചിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ഈ വക്കഫ് ആക്ടിനു് ഒരു സെൻട്രൽ ആക്ടുണ്ടു്. അതൊന്നു വ്യത്യാസപ്പെടുത്തണമെങ്കിൽ സെൻട്രൽ ഗവണ്മെൻറിന്റെ സാംഗ്ഷൻ ആവശ്യമാണു്. അതു കിട്ടാത്തതുകൊണ്ടു് ഈ ഇൻറർ സ്റ്റേറ്റ് കാർപ്പൊറേഷൻ ആക്ട് പ്രകാരം സെൻട്രൽ ഗവണ്മെൻറ് ഒരു നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യണം. അതിനുവേണ്ടി രണ്ടുകൊല്ലമായി ഈ ഗവണ്മെൻറ് എഴുതിത്തുടങ്ങിയിട്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇപ്പോൾ വക്കഫ് ആക്ടിനു് ചില വ്യത്യാസം വരുത്താൻ പോകുകയാണു്. അതിനു സെൻട്രൽഗവണ്മെൻറ് നോട്ടിഫിക്കേഷൻ ലഭിക്കുന്നതുവരെ കാത്തിരിക്കണമെന്നു പറഞ്ഞു. കേരളത്തിലാകമാനം പ്രത്യേകിച്ചും മലബാറിൽ ഈ സ്വത്തുക്കളെല്ലാം നശിച്ചുപോയിക്കൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഈ കാര്യത്തെ സംബന്ധിച്ചു് എത്രയും വേഗം വേണ്ട നടപടികളെടുക്കുമോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: പലതവണ ഈ കാര്യം തന്നെ ശക്തിയായ ഭാഷയിൽ ഉന്നയിച്ചിരുന്നു. മിനിസ്ട്രി ആഫ് പൗവ്വേഴ്സ് ആണു് ഈ വകുപ്പു് കൈകാര്യം ചെയ്യുന്നതു്. അദ്ദേഹത്തെ കണ്ടു ഈ കാര്യം പറഞ്ഞിരുന്നു. നിർഭാഗ്യവശാൽ അതിനു വല്ല മാറ്റവും വേണോ എന്നാലോചിക്കുകയാണു് എന്നാണു് അവിടെനിന്നും അറിയിച്ചിരിക്കുന്നതു്.

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly